(ഡി) സംസ്ഥാനത്തെ വാഹന സംഖ്യാ വർദ്ധനവിനാനുപാതികമായി ഗതാഗത രംഗത്തെ കാലോചിതമാക്കുവാനും പരിഷ്ക്കരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ വളരെ പ്രാധാന്യത്തോടെ കൈക്കൊണ്ടുവരുന്നു. മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇത് പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സഹായിക്കും. വാഹനങ്ങളുടെ സംഖ്യാ വർദ്ധനവ് കണക്കിലെടുത്ത് പുതിയ 3 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 5 എൻഫോഴ്സ്മെന്റ് സ്കാഡുകൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ലോറികളുടെ ഭാരം നിമിത്തം വയനാട് ചുരം റോഡ് തകരുന്ന സംഭവം

130 (836) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ചുരം റോഡിൽ ചരക്ക് വാഹനങ്ങളുടെ ഭാരം എത്രയാണ് നിജപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ;

(ബി) മൾട്ടി ആക്സിൽ ലോറികളുടെ മിഡിൽ ആക്സിൽ മാത്രം ലൈവ് ആക്കുകയും മറ്റുള്ളത് ഡെഡ് ആകുകയും ചെയ്യുന്നതിനാൽ ചുരം റോഡ് തകരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിലെ ലോറികൾ പ്രത്യേകിച്ച് മൾട്ടി ആക്സിൽ ലോറികൾ നാഗാലാന്റ്, ഹരിയാന സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തു കേരള മോട്ടോർ വെഹിക്കിൾ ടാക്സ് വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നാഗാലാന്റ്, ഹരിയാന സംസ്ഥാനങ്ങളിൽ മോട്ടോർ വാഹന നിയമത്തിന് വിപരീതമായി 40 ടൺ പെർമിറ്റ് കൊടുക്കുന്നതിനെതിരെ വാഹന വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) മൾട്ടി ആക്സിൽ ലോറികളുടെ മിഡിൽ ആക്സിൽ മാത്രം ലൈവ് ആകുകയും മറ്റുള്ളത് ഡെഡ് ആകുകയും ചെയ്യുന്നതിനാൽ ചുരം റോഡ് തകരുന്നതിന് സാദ്ധ്യതയുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) നാഗാലാന്റ്, ഹരിയാന സംസ്ഥാനങ്ങളിൽ മോട്ടോർ വാഹന നിയമത്തിനു വിപരീതമായി 40 ടൺ പെർമിറ്റ് കൊടുക്കുന്നതിനെതിരെ ഇപ്പോൾ നിലവിലുള്ള മോട്ടോർ വാഹന നിയമം അനുസരിച്ച് നടപടികൾ എടുക്കാൻ സാദ്ധ്യമാകുന്നില്ല. 25 ടണ്ണിൽ കൂടുതൽ ഭാരം കയറ്റിവരുന്ന ലോറികൾ കേരളത്തിലേക്ക് കടത്തി വിടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly